104/2024-M

Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. ഇന്ത്യൻ ഭരണഘടന സംബന്ധിച്ച് താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന ഏത്?

(i) നിർദ്ദേശക തത്വങ്ങൾ ഭരണഘടനയുടെ നാലാം അദ്ധ്യായത്തിലാണ്

(ii) മൌലികാവകാശങ്ങൾ 6 എണ്ണമുണ്ട്

(iii) ഭരണഘടനയുടെ ആമുഖം എഴുതിയത് ഡോ. രാജേന്ദ്രപ്രസാദ് ആണ്

(iv) ലിഖിത ഭരണഘടനയാണ് ഇന്ത്യയുടേത്

(A) (i) ഉം (iv) ഉം മാത്രം

(B) (i), (ii), (iv) ശരിയാണ്

(C) (ii), (iii), (iv) മാത്രം

(D) എല്ലാം ശരിയാണ്

2. ഭരണഘടനയുടെ ഹൃദയവും ആത്മാവും എന്ന് ഡോ. ബി.ആർ. അംബേദ്കർ വിശേഷിപ്പിച്ചത് താഴെ പറയുന്നവയിൽ ഏത് അവകാശത്തെയാണ്?

(A) സ്വാതന്ത്ര്യത്തിനുള്ള അവകാശം

(B) സമത്വത്തിനുള്ള അവകാശം

(C) ഭരണഘടനാപരമായി പരിഹാരം കാണാനുള്ള അവകാശം

(D) സമ്മതിദാനാവകാശം

3. ഇന്ത്യൻ ഭരണഘടന അംഗീകരിച്ചത് എന്നാണ്?

(A) 1950 ജനുവരി 26 ന്

(B) 1946 ജനുവരി 26 ന്

(C) 1948 നവംബർ 29 ന്

(D) 1949 നവംബർ 26 ന്

4. 'നിർദ്ദേശകതത്വങ്ങൾ' ഭരണഘടനയിൽ ഉൾപ്പെടുത്തിയത് ആരാണ്?

(A) ജവഹർലാൽ നെഹ്റു

(B) മഹാത്മാഗാന്ധി

(C) ഡോ. ബി.ആർ. അംബേദ്കർ

(D) ഡോ. രാജേന്ദ്രപ്രസാദ്

5. ഇന്ത്യൻ ഭരണഘടന ആദ്യമായി ഭേദഗതി ചെയ്തത് ഏത് വർഷം?

(A) 1950

(B) 1952

(C) 1951

(D) 1956

Visit KPSCHub.in
More QPs & Answer Keys

6. ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്നവയിൽ ശരിയല്ലാത്തത് ഏത്?

(i) ആദ്യത്തെ രക്തസാക്ഷി ഝാൻസി റാണി ആയിരുന്നു

(ii) ഡൽഹിയിൽ കലാപം നയിച്ചത് ബഹദൂർ ഷാ രണ്ടാമൻ ആണ്

(iii) ഹിന്ദു-മുസ്ലീം ഐക്യമായിരുന്നു കലാപത്തിന്റെ യഥാർത്ഥ ശക്തി

(A) (i) ഉം (ii) ഉം

(B) (i) മാത്രം

(C) (ii) ഉം (iii) ഉം

(D) ഇവയൊന്നുമല്ല

7. 'സാരേ ജഹാം സേ അച്ഛാ' എന്ന ഗാനം രചിച്ചത് ആരാണ്?

(A) രവീന്ദ്രനാഥ ടാഗോർ

(B) മുഹമ്മദ് ഇക്ബാൽ

(C) സുബ്രഹ്മണ്യഭാരതി

(D) പ്രേംചന്ദ്

8. ഗാന്ധിജിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്നതിൽ ശരിയല്ലാത്തത് ഏത്?

(i) ഗാന്ധിജി രണ്ടാംവട്ടമേശ സമ്മേളനത്തിൽ പങ്കെടുത്തിട്ടുണ്ട്

(ii) ഗാന്ധിജി 5 തവണ കേരളത്തിൽ വന്നിട്ടുണ്ട്

(iii) 'മഹാത്മ' എന്നത് ഗാന്ധിജിയെ ആദ്യമായി വിളിച്ചത് രവീന്ദ്രനാഥ ടാഗോറാണ്

(iv) ഗാന്ധിജി അവസാനം കേരളത്തിൽ വന്നത് പയ്യന്നൂർ സത്യാഗ്രഹവുമായി ബന്ധപ്പെട്ടാണ്

(A) (i)

(B) (ii) ഉം (iii) ഉം

(C) (iv) മാത്രം

(D) എല്ലാം ശരിയാണ്

9. ബ്രഹ്മസമാജം സ്ഥാപിച്ചത് ആര്?

(A) ഈശ്വര ചന്ദ്ര വിദ്യാസാഗർ

(B) രാജാറാം മോഹൻറോയ്

(C) സ്വാമി വിവേകാനന്ദൻ

(D) ദീനബന്ധുമിത്ര

Visit KPSCHub.in
More QPs & Answer Keys

10. ഇന്ത്യൻ ദേശീയ പതാകയുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏത് എന്ന് തെരഞ്ഞെടുക്കുക :

(i) സാരനാഥിലെ അശോകസ്തംഭത്തിൽ നിന്ന് എടുത്തതാണ് ദേശീയമുദ്ര

(ii) അശോക ചക്രത്തിൽ 21 ആരക്കാലുകളുണ്ട്

(iii) 1947 ലാണ് ഇന്നത്തെ ത്രിവർണ്ണപതാക സ്വീകരിച്ചത്

(A) (ii) ഉം (iii) ഉം

(B) (i) മാത്രം

(C) (i) ഉം (iii) ഉം

(D) എല്ലാം ശരിയാണ്

11. കുണ്ടറ വിളംബരം നടന്നത് എന്ന്?

(A) 1809 ജനുവരി 11

(B) 1812 ഡിസംബർ 3

(C) 1911 ഒക്ടോബർ 7

(D) 1899 മെയ് 4

12. മലബാർ കലാപവുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനകൾ ഏതെല്ലാം?

(i) മലബാർ കലാപം നടന്നത് 1921 ലാണ്

(ii) മലബാർ കലാപം അന്വേഷിച്ചത് ലക്ഷ്മണ സ്വാമി മുതലിയാർ കമ്മീഷനാണ്

(iii) മലബാർ കലാപത്തിന് ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പിന്തുണ ഉണ്ടായിരുന്നു

(A) (i) മാത്രം

(B) (ii) മാത്രം

(C) (ii) ഉം (iii) ഉം

(D) (i) ഉം (iii) ഉം

13. പ്രൈമറി വിദ്യാഭ്യാസം സൌജന്യമാക്കിക്കൊണ്ട് വിളംബരം പുറപ്പെടുവിച്ചത് ആരാണ്?

(A) ഗൌരി ലക്ഷ്മീഭായി

(B) സ്വാതി തിരുനാൾ

(C) ഗൌരി പാർവ്വതീഭായി

(D) ഉത്രം തിരുനാൾ

14. ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത കലാപം ഏത്?

(A) ആറ്റിങ്ങൽ കലാപം

(B) മലബാർ കലാപം

(C) കുറിച്യ കലാപം

(D) കൊളത്തൂർ കലാപം

15. പഴശ്ശിരാജാവ് വീരചരമം പ്രാപിച്ചത് എന്ന്?

(A) 1803 നവംബർ 30 ന്

(B) 1805 നവംബർ 30

(C) 1802 നവംബർ 26

(D) 1804 നവംബർ 7

Visit KPSCHub.in
More QPs & Answer Keys

16. മാനവ വികസന സൂചികയുടെ പട്ടികയിൽ മുൻപിൽ നിൽക്കുന്ന രാജ്യം ഏത്?

(A) സ്വിറ്റ്സർലണ്ട് (B) യു.എസ്.എ.

(C) നോർവെ (D) ഇംഗ്ലണ്ട്

17. കേരളത്തിൽ ഇപ്പോൾ സാക്ഷരതാനിരക്ക് എത്ര ശതമാനമാണ്?

(A) 96% (B) 94%

(C) 97% (D) 99%

18. സാമ്പത്തികാസൂത്രണം എന്ന ആശയം ഇന്ത്യ കൈക്കൊണ്ട രാജ്യം ഏത്?

(A) ജർമ്മനി (B) ബ്രിട്ടൺ

(C) സോവിയറ്റ് യൂണിയൻ (D) ഫ്രാൻസ്

19. ഭക്രാനംഗൽ ഡാം ഏതു നദിയിലാണ് നിർമ്മിച്ചിട്ടുള്ളത്?

(A) മഹാനദി (B) സത്ലജ് നദി

(C) നർമ്മദ (D) ഗോദാവരി

20. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച് സ്ഥാപിക്കുന്നതിന് നേതൃത്വം നൽകിയ വ്യക്തി ആര്?

(A) ഹോമി ജഹാംഗീർ ഭാഭ (B) ഡോ. രാജാ രാമണ്ണ

(C) ജവഹർലാൽ നെഹ്റു (D) വിക്രം സാരാഭായി

21. ഇന്ത്യയ്ക്കകത്തും പുറത്തും ഇന്ത്യൻ കലകൾ പ്രചരിപ്പിക്കുന്നതിനായി ആരംഭിച്ച ലളിത കലാ അക്കാദമിയുടെ ആസ്ഥാനം എവിടെയാണ്?

(A) കൊൽക്കത്ത (B) ബാംഗ്ലൂർ

(C) ന്യൂഡൽഹി (D) ചെന്നൈ

22. താഴെ പറയുന്നവരിൽ ആരാണ് സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ റെയിൽവേ മന്ത്രി?

(A) ഷൺമുഖം ഷെട്ടി (B) ജവഹർലാൽ നെഹ്റു

(C) ലാൽ ബഹദൂർ ശാസ്ത്രി (D) ജോൺ മത്തായി

23. ദേശീയ ഊർജ്ജ സംരക്ഷണ ദിനം എന്നാണ്?

(A) ഡിസംബർ - 14 (B) ഡിസംബർ - 13

(C) ഡിസംബർ - 12 (D) ഡിസംബർ - 11

Visit KPSCHub.in
More QPs & Answer Keys

24. ISRO യുടെ ചന്ദ്രയാൻ - 3 ദൗത്യവുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനകൾ ഏത്?

(i) 2023 ജൂലൈ 14 ന് സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് വിക്ഷേപിച്ചു

(ii) 2023 ആഗസ്റ്റ് 5 ന് ചന്ദ്രന്റെ ഭ്രമണപഥത്തിൽ പ്രവേശിച്ചു

(iii) 2023 ആഗസ്റ്റ് 23 ന് ചന്ദ്രന്റെ ദക്ഷിണധ്രുവത്തിന് സമീപം ലാൻഡ് ചെയ്തു

(A) എല്ലാം ശരി

(B) (i), (ii) ശരി

(C) (ii), (iii) ശരി

(D) (i), (iii) ശരി

25. കേരളത്തിലെ ഇടനാടുകളെ സംബന്ധിച്ച പ്രസ്താവനകളിൽ ശരിയല്ലാത്തത് കണ്ടെത്തുക :

(i) സമുദ്രനിരപ്പിൽ നിന്നും 7.5 മീറ്റർ മുതൽ 75 മീറ്റർ വരെ ഉയരം

(ii) ഉയരം കൂടിയ കുന്നുകളും മലകളും അടങ്ങിയ പ്രദേശം

(iii) ഇടനാടിന്റെ ഭൂരിഭാഗവും വനങ്ങളാണ്

(iv) ഇടനാട് ചെറിയ കുന്നുകളും താഴ്വരകളും നദീതടങ്ങളും ചേർന്നതാണ്

(A) (i) ഉം (ii) ഉം

(B) (ii) ഉം (iii) ഉം

(C) (iii) ഉം (iv) ഉം

(D) (i) ഉം (iii) ഉം

26. കേരളത്തിലെ വിവിധ വെള്ളച്ചാട്ടങ്ങൾ, ജില്ലകൾ എന്നിവയുടെ പട്ടിക ചുവടെ നൽകുന്നവയിൽ നിന്ന് ശരിയല്ലാത്തത് കണ്ടെത്തുക :

(A) തുഷാരഗിരി - കോഴിക്കോട്

(B) വാഴച്ചാൽ - പത്തനംതിട്ട

(C) ചീയപ്പാറ - ഇടുക്കി

(D) പാലരുവി - കൊല്ലം

27. കേരളത്തിലെ മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന കണ്ടെത്തുക :

(i) മത്സ്യഫെഡ് ആരംഭിച്ച വർഷം - 1984

(ii) മത്സ്യഫെഡിന്റെ ആസ്ഥാനം - തിരുവനന്തപുരം

(iii) ഇന്ത്യയിൽ നിന്നും ഏറ്റവുമധികം കയറ്റുമതി ചെയ്യപ്പെടുന്ന കേരളത്തിലെ അലങ്കാര മത്സ്യമാണ് മിസ് കേരള

(A) (i) ഉം (ii) ഉം

(B) (ii) ഉം (iii) ഉം

(C) (i) ഉം (iii) ഉം

(D) എല്ലാം ശരിയാണ്

Visit KPSCHub.in
More QPs & Answer Keys

28. കേരളത്തിലെ വന്യജീവി സങ്കേതങ്ങളെ സംബന്ധിച്ച് ശരിയായ പ്രസ്താവന കണ്ടെത്തുക :

(i) കേരളത്തിൽ പൂമ്പാറ്റകളുടെ ദേശാടനം ആദ്യമായി നിരീക്ഷിക്കപ്പെട്ട വന്യജീവി സങ്കേതം - ആറളം

(ii) സൈലന്റ് വാലി ഓഫ് കണ്ണൂർ എന്നറിയപ്പെടുന്ന വന്യജീവി സങ്കേതം - ആറളം

(iii) കേരളത്തിലെ ഏറ്റവും വലിയ വന്യജീവി സങ്കേതം - വയനാട്

(iv) നീലഗിരി ബയോസ്ഫിയർ റിസർവ്വിന്റെ ഭാഗമായ കേരളത്തിലെ വന്യജീവി സങ്കേതം - പെരിയാർ

(A) (i) ഉം (ii) ഉം

(B) (iii) ഉം (iv) ഉം

(C) (i) ഉം (iii) ഉം

(D) (ii) ഉം (iv) ഉം

29. കേരളത്തിലെ ദേശീയോദ്യാനങ്ങളെ സംബന്ധിച്ച് തെറ്റായ പ്രസ്താവന കണ്ടെത്തുക :

(i) ഏറ്റവും കൂടുതൽ ദേശീയോദ്യാനങ്ങൾ ഉള്ള ജില്ല - ഇടുക്കി

(ii) കേരളത്തിലെ ആദ്യ ദേശീയോദ്യാനം - സൈലന്റ് വാലി

(iii) കേരളത്തിലെ ഏറ്റവും ചെറിയ ദേശിയോദ്യാനം - പാമ്പാടുംചോല

(iv) വംശനാശഭീഷണി നേരിടുന്ന സിംഹവാലൻ കുരങ്ങുകൾ കാണപ്പെടുന്ന ദേശീയോദ്യാനം - ഇരവികുളം

(A) (i) ഉം (ii) ഉം

(B) (iii) ഉം (iv) ഉം

(C) (ii) ഉം (iv) ഉം

(D) (i) ഉം (iii) ഉം

30. കേരളത്തിലെ കിഴക്കോട്ട് ഒഴുകുന്ന നദികളുടെ ശരിയായ ജോഡി താഴെ തന്നിരിക്കുന്നതിൽ നിന്നും കണ്ടെത്തുക :

(i) കബനി

(ii) പാമ്പാർ

(iii) പമ്പ

(iv) പെരിയാർ

(A) (i) ഉം (ii) ഉം

(B) (i) ഉം (iv) ഉം

(C) (ii) ഉം (iii) ഉം

(D) (ii) ഉം (iv) ഉം

Visit KPSCHub.in
More QPs & Answer Keys

31. വികേന്ദ്രീകൃതാസൂത്രണ സംവിധാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ ധർമ്മം ചുവടെ പറയുന്നതിലേത്?

(A) പ്രാദേശികാവശ്യങ്ങൾ ഗ്രാമസഭയിൽ ചർച്ച ചെയ്യുക
(B) ആവശ്യങ്ങൾ ക്രോഡീകരിച്ച് പദ്ധതികളായി സമർപ്പിക്കുക
(C) പദ്ധതികൾ സംസ്ഥാന ആസൂത്രണ ബോർഡിന് കൈമാറുക
(D) പദ്ധതികൾ വിലയിരുത്തി മുൻഗണനാക്രമത്തിൽ ജില്ലാ തലത്തിൽ സമർപ്പിക്കുക

32. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകം ഏത്?

(A) ശാസ്താംകോട്ട
(B) വേമ്പനാട്
(C) വെള്ളായണി
(D) അഷ്ടമുടി

33. താഴെ പറയുന്നവയിൽ കടൽതീരം ഇല്ലാത്ത ജില്ല ഏത്?

(A) തൃശ്ശൂർ
(B) കൊല്ലം
(C) കോട്ടയം
(D) കണ്ണൂർ

34. കക്കാട് ജലവൈദ്യുത പദ്ധതി ഏത് ജില്ലയിലാണ്?

(A) ഇടുക്കി
(B) തൃശ്ശൂർ
(C) പത്തനംതിട്ട
(D) എറണാകുളം

35. ഇന്ത്യയുടെ കിഴക്കൻ തീരസമതലവുമായി ബന്ധപ്പെട്ട പ്രസ്താവനയിൽ ശരിയല്ലാത്തത് കണ്ടെത്തുക :

(i) ബംഗാൾ ഉൾക്കടലിനും പൂർവ്വഘട്ടത്തിനുമിടയിൽ
(ii) താരതമ്യേന വീതി കുറവ്
(iii) കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു
(iv) ഡെൽറ്റ രൂപീകരണം നടക്കുന്നു

(A) (i) ഉം (ii) ഉം
(B) (iii) ഉം (iv) ഉം
(C) (i) ഉം (iv) ഉം
(D) (ii) ഉം (iii) ഉം

36. ഹിമാലയൻ നദികളുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയല്ലാത്തത് കണ്ടെത്തുക :

(i) അതിവിസ്തൃതമായ വൃഷ്ടി പ്രദേശം
(ii) അപരദന തീവ്രത കൂടുതൽ
(iii) അപരദന തീവ്രത കുറവ്
(iv) താരതമ്യേന വിസ്തൃതി കുറഞ്ഞ വൃഷ്ടി പ്രദേശം

(A) (i) ഉം (ii) ഉം
(B) (iii) ഉം (iv) ഉം
(C) (i) ഉം (iv) ഉം
(D) (ii) ഉം (iii) ഉം

Visit KPSCHub.in
More QPs & Answer Keys

37. താഴെ പറയുന്നവയിൽ ഇന്ത്യയുടെ പടിഞ്ഞാറ് തീരത്ത് സ്ഥിതിചെയ്യുന്ന തുറമുഖങ്ങൾ കണ്ടെത്തുക :

(i) നെവാഷേവ

(ii) കണ്ട്ല

(iii) ഹാൽഡിയ

(iv) വിശാഖപട്ടണം

(A) (i) ഉം (ii) ഉം

(B) (iii) ഉം (iv) ഉം

(C) (i) ഉം (iii) ഉം

(D) (ii) ഉം (iv) ഉം

38. താഴെ പറയുന്നവയിൽ ട്രാൻസ് ഹിമാലയത്തിൽ ഉൾപ്പെടുന്ന പർവ്വതനിരകൾ കണ്ടെത്തുക :

(i) കാരക്കോറം

(ii) ഹിമാചൽ

(iii) സസ്ക്കർ

(iv) സിവാലിക്

(A) (i) ഉം (ii) ഉം

(B) (i) ഉം (iii) ഉം

(C) (ii) ഉം (iv) ഉം

(D) (i) ഉം (iv) ഉം

39. ഏത് നദിയുടെ പോഷകനദിയാണ് കബനി ?

(A) കൃഷ്ണ

(B) മഹാനദി

(C) കാവേരി

(D) ഗോദാവരി

40. 2024-ലെ ടി20 ലോകകപ്പ് ക്രിക്കറ്റിൽ ഫൈനലിൽ മത്സരിച്ച രാജ്യങ്ങൾ കണ്ടെത്തുക :

(i) ഇന്ത്യ

(ii) ഇംഗ്ലണ്ട്

(iii) ദക്ഷിണാഫ്രിക്ക

(iv) പാക്കിസ്ഥാൻ

(A) (i) ഉം (ii) ഉം

(B) (ii) ഉം (iii) ഉം

(C) (ii) ഉം (iv) ഉം

(D) (i) ഉം (iii) ഉം

Visit KPSCHub.in
More QPs & Answer Keys

41. 2023-ൽ വയലാർ അവാർഡ് നേടിയ വ്യക്തി:

(A) ശ്രീകുമാരൻ തമ്പി
(B) എസ്.കെ. വസന്തൻ
(C) പി. സച്ചിദാനന്ദൻ
(D) പി. വത്സല

42. 18-ാം ലോകസഭയിലെ പ്രതിപക്ഷനേതാവ് ആര്?

(A) മല്ലികാർജുൻ ഖാർഗെ
(B) സോണിയ ഗാന്ധി
(C) രാഹുൽ ഗാന്ധി
(D) നിലവിൽ പ്രതിപക്ഷ നേതാവില്ല

43. 2024-ലെ ജി-20 ഉച്ചകോടിക്ക് വേദിയാകുന്ന രാജ്യമേത്?

(A) ഇന്ത്യ
(B) ബ്രസീൽ
(C) കാനഡ
(D) ദക്ഷിണാഫ്രിക്ക

44. താഴെ പറയുന്നവയിൽ ഏതൊക്കെ മേഖലകളിൽ നിന്നും ലഭിക്കുന്ന വരുമാനമാണ് രാജ്യത്തിന്റെ ദേശീയ വരുമാനമായി കണക്കാക്കുന്നത്?

(i) കാർഷികമേഖല, ആരോഗ്യമേഖല
(ii) വ്യവസായികമേഖല, ആരോഗ്യമേഖല
(iii) കാർഷികമേഖല, വ്യവസായികമേഖല, സേവനമേഖല

(A) (i) മാത്രം
(B) (i) ഉം (iii) ഉം മാത്രം
(C) (i) ഉം (ii) ഉം മാത്രം
(D) (iii) മാത്രം

45. കഥകളിയിലെ വേഷങ്ങൾ താഴെ പറയുന്നവയിൽ നിന്നും കണ്ടെത്തുക:

(i) കത്തി, കരി, താടി
(ii) താടി, മിനുക്ക്
(iii) പച്ച, മിനുക്ക്

(A) (i) ഉം (ii) ഉം മാത്രം
(B) (ii) ഉം (iii) ഉം മാത്രം
(C) (i) ഉം (iii) ഉം മാത്രം
(D) (i) മാത്രം

46. കളിക്കാരുടെ എണ്ണം പതിനൊന്ന് ആയി നിശ്ചയിച്ചിട്ടുള്ളത് താഴെ പറയുന്ന ഏതൊക്കെ കളിയിലാണ്?

(i) ക്രിക്കറ്റ്, ഹോക്കി
(ii) ഫുട്ബോൾ, വോളിബോൾ
(iii) ഫുട്ബോൾ

(A) (ii) ഉം (iii) ഉം മാത്രം
(B) (i) ഉം (iii) ഉം മാത്രം
(C) (ii) മാത്രം
(D) (i) ഉം (ii) ഉം മാത്രം

Visit KPSCHub.in
More QPs & Answer Keys

47. താഴെ പറയുന്നവയിൽ മഹാകവി വള്ളത്തോൾ നാരായണമേനോന്റെ കൃതിയിൽ ഉൾപ്പെടാത്തത് ഏത്?

(A) ബധിരവിലാപം
(B) രാത്രിമഴ
(C) ദുരവിലാസം
(D) കൊച്ചുസീത

48. താഴെ പറയുന്നവരിൽ അമേരിക്കൻ പ്രസിഡന്റ് പദവി വഹിക്കാത്തത് ആരാണ്?

(i) ഹിലാരി ക്ലിന്റൺ, ബരാക്ക് ഒബാമ
(ii) ജോ ബൈഡൻ, ഡൊണാൾഡ് ട്രംപ്
(iii) ഹിലാരി ക്ലിന്റൺ

(A) (i) മാത്രം
(B) (ii) ഉം (iii) ഉം
(C) (iii) മാത്രം
(D) (ii) മാത്രം

49. ഇന്ത്യയിലെ പുതിയ പാർലമെന്റ് മന്ദിരത്തിന്റെ ഉദ്ഘാടനത്തിന്റെ ഭാഗമായി പുറത്തിറക്കിയ പ്രത്യേക സ്മാരക നാണയത്തിന്റെ മൂല്യം എത്രയാണ്?

(A) 75 രൂപ
(B) 50 രൂപ
(C) 25 രൂപ
(D) 100 രൂപ

50. ഇന്ത്യയുടെ പഴയ പാർലമെന്റ് മന്ദിരം ഇനി ഏത് പേരിലാണ് അറിയപ്പെടുന്നത്?

(A) വിധാൻസഭ
(B) പാർലമെന്റ് മെമ്മോറിയൽ
(C) സംവിധാൻസദൻ
(D) ഇവയൊന്നുമല്ല

51. ബെഞ്ചമിൻ നെതന്യാഹു ഏത് രാജ്യത്തെ പ്രധാന മന്ത്രിയാണ്?

(A) ഇംഗ്ലണ്ട്
(B) ഇസ്രായേൽ
(C) പാക്കിസ്ഥാൻ
(D) റഷ്യ

52. താഴെ പറയുന്ന ആരുടെ ജന്മദിനമാണ് ജൂൺ 12 ബാല വേല വിരുദ്ധ ദിനമായി ആചരിക്കുന്നത്?

(A) സഡാക്കോ സസുക്കി
(B) ഗ്രേറ്റ തുബർഗ്
(C) ആൻ ഫ്രാങ്ക്
(D) മലാല യൂസഫ്സായി

Visit KPSCHub.in
More QPs & Answer Keys

53. ആഹാരശൃംഖലയിലെ ഒന്നാമത്തെ കണ്ണിയാകാൻ സാധ്യതയുള്ളത് താഴെ പറയുന്നവയിൽ ഏതാണ്?

(A) കഴുകൻ (B) മാൻ

(C) പുല്ല് (D) പാമ്പ്

54. 'ചന്ദ്രശങ്കര' ഏത് കാർഷിക വിളയുടെ സങ്കരയിനമാണ്?

(A) പയർ (B) തെങ്ങ്

(C) നെല്ല് (D) വെണ്ട

55. പിത്തരസം ഉൽപ്പാദിപ്പിക്കുന്ന അവയവമേത്?

(A) ആമാശയം (B) പാൻക്രിയാസ്

(C) ചെറുകുടൽ (D) കരൾ

56. വായ്പ്പുണ്ണ് ഏത് ജീവകത്തിന്റെ കുറവുകൊണ്ടുണ്ടാകുന്നതാണ്?

(A) ജീവകം A (B) ജീവകം B

(C) ജീവകം D (D) ജീവകം C

57. താഴെ പറയുന്നവയിൽ ശരിയായ ജോഡി/ജോഡികൾ ഏത്?

(i) വന്യജീവി സങ്കേതം - നീലഗിരി

(ii) ദേശീയപാർക്ക് - സൈലന്റ് വാലി

(iii) കമ്മ്യൂണിറ്റി റിസർവ്വ് - അഗസ്ത്യാർകൂടം

(iv) ബയോസ്ഫിയർ റിസർവ്വ് - കടലുണ്ടി

(A) (i) ഉം (ii) ഉം ശരി

(B) (ii) മാത്രം ശരി

(C) (iii) ഉം (iv) ഉം ശരി

(D) (ii) ഉം (iii) ഉം ശരി

58. ശാന്തി സ്വരൂപ് ഭട്നഗർ അവാർഡ് താഴെ പറയുന്ന ഏത് മേഖലയിലുള്ള വ്യക്തികൾക്കാണ് നൽകുന്നത്?

(A) കായിക താരങ്ങൾ

(B) ശാസ്ത്രജ്ഞർ

(C) സാമൂഹ്യപ്രവർത്തകർ

(D) അദ്ധ്യാപകർ

Visit KPSCHub.in
More QPs & Answer Keys

59. ഇന്ത്യയിലെ ശാസ്ത്രജ്ഞരെ ആദരിക്കുന്നതിനായി ഏർപ്പെടുത്തിയ പുതിയ അവാർഡ് :

(A) രാഷ്ട്രീയ വിജ്ഞാൻ പുരസ്ക്കാർ
(B) ഭാരത് വിജ്ഞാൻ പുരസ്ക്കാർ
(C) ദീൻ ദയാൽ വിജ്ഞാൻ പുരസ്ക്കാർ
(D) PM വിജ്ഞാൻ പുരസ്ക്കാർ

60. താഴെ പറയുന്നവയിൽ ആസിഡിന്റെ പൊതുസ്വഭാവങ്ങൾ ഏവ?

(i) നീല ലിറ്റ്മസിനെ ചുവപ്പാക്കുന്നു
(ii) ചുവപ്പ് ലിറ്റ്മസിനെ നീലയാക്കുന്നു
(iii) pH മൂല്യം ഏഴിൽ കൂടുതലാണ്
(iv) pH മൂല്യം ഏഴിൽ കുറവാണ്

(A) (i) & (iii)
(B) (ii) & (iv)
(C) (ii) & (iii)
(D) (i) & (iv)

61. രണ്ട് സമതല ദർപ്പണങ്ങൾ 60° കോണളവിൽ വച്ചാൽ അവയ്ക്കിടിലുണ്ടാകുന്ന പ്രതിബിംബങ്ങളുടെ എണ്ണം എത്ര?

(A) 6
(B) 2
(C) 5
(D) 4

62. താഴെ പറയുന്നവയിൽ സൂര്യോദയം ആദ്യം ദൃശ്യമാകുന്ന സംസ്ഥാനം ഏത്?

(A) കേരളം
(B) ആസ്സാം
(C) ഗുജറാത്ത്
(D) ജമ്മു കാശ്മീർ

63. ദോലനചലനത്തിൽ പെടാത്തവ ഏതെല്ലാം?

(i) ആട്ടുകട്ടിലിന്റെ ചലനം
(ii) ഫാനിലെ ദളങ്ങളുടെ ചലനം
(iii) ക്ലോക്കിലെ പെൻഡുലത്തിന്റെ ചലനം
(iv) സൈക്കിളിന്റെ ചക്രങ്ങളുടെ ചലനം

(A) (i) & (iii)
(B) (i) & (iv)
(C) (ii) & (iii)
(D) (ii) & (iv)

64. ഹൈഡ്രജൻ എന്ന മൂലകം കണ്ടെത്തിയ ശാസ്ത്രജ്ഞൻ ആര്?

(A) ഹെൻറി കാവൻഡിഷ്
(B) ജോസഫ് പ്രീസ്റ്റിലി
(C) ജെയിംസ് ചാഡ്വിക്ക്
(D) റൂഥർഫോർഡ്

Visit KPSCHub.in
More QPs & Answer Keys

65. ചന്ദ്രനിൽ അവസാനമായി കാലുകുത്തിയ ആൾ ആര്?

(A) യൂറി ഗഗാറിൻ
(B) സുനിത വില്യംസ്
(C) കൽപ്പന ചൌള
(D) യൂജിൻ സെർണൻ

66. ലോകജലദിനം എന്നാണ്?

(A) മാർച്ച് 22
(B) ഏപ്രിൽ 22
(C) മാർച്ച് 23
(D) ഏപ്രിൽ 23

67. ജലദോഷം ഉണ്ടാക്കുന്ന രോഗകാരിയാണ് :

(A) വൈറസ്
(B) ബാക്ടീരിയ
(C) ഫംഗസ്
(D) അമീബ

68. ഏത് ഇനം കൊതുകുകളാണ് ഡങ്കിപ്പനി രോഗം പരത്തുന്നത്?

(A) ഏഡിസ്
(B) അനോഫിലസ്
(C) ക്യൂലക്സ്
(D) സാന്റ്ഫ്ലൈ

69. AIDS രോഗത്തിന് കാരണമാകുന്ന വൈറസ് ഏത്?

(A) സാൽമൊണെല്ല
(B) എച്ച്.ഐ.വി.
(C) ട്രിപ്പൊണീമ
(D) ട്രൈക്കോഫൈറ്റൺ

70. നമ്മുടെ ശരീരത്തിലെ അഭിലഷണീയമായ രക്തസമ്മർദ്ദനിരക്ക് എത്ര?

(A) 80/70 mmHg
(B) 90/50 mmHg
(C) 120/80 mmHg
(D) 150/120 mmHg

71. മനുഷ്യനിലെ അസ്ഥി വ്യവസ്ഥയിൽ എത്ര അസ്ഥികൾ കാണപ്പെടുന്നു?

(A) 106
(B) 206
(C) 306
(D) 250

72. പല്ലുകൾക്ക് വെളുപ്പുനിറം നൽകുന്ന ഘടകമാണ് :

(A) സിമന്റം
(B) പൾപ്പ്
(C) ഡെന്റൈൻ
(D) ഇനാമൽ

Visit KPSCHub.in
More QPs & Answer Keys

73. ഒരു മുതിർന്ന മനുഷ്യന്റെ ഹൃദയം 1 മിനിറ്റിൽ ശരാശരി എത്ര തവണ സ്പന്ദിക്കും?

(A) 72 (B) 52

(C) 60 (D) 80

74. പുകയില ഉപയോഗം കൊണ്ട് ശ്വാസകോശത്തിലെ വായു അറകളുടെ ഇലാസ്തികത നഷ്ടപ്പെടുകയും ശ്വസന പ്രതല വിസ്തീർണ്ണം കുറയുകയും ചെയ്യുന്ന രോഗമാണ് :

(A) ആസ്മ (B) എംഫിസീമ

(C) ബ്രോങ്കൈറ്റിസ് (D) അർബുദം

75. ജീവിതശൈലീ രോഗത്തിന് ഉദാഹരണം <u>അല്ലാത്തത്</u> ഏത്?

(A) പൊണ്ണത്തടി (B) ഹൃദ്രോഗം

(C) പ്രമേഹം (D) ടൈഫോയ്ഡ്

76. കേരള സർക്കാരിന്റെ സമ്പൂർണ്ണ അവയവദാന പദ്ധതിക്ക് നൽകിയ പേരെന്ത്?

(A) സ്നേഹപൂർവ്വം (B) ആർദ്രം

(C) കാരുണ്യ (D) മൃതസഞ്ജീവനി

77. ഇരവികുളം ദേശീയോദ്യാനത്തിൽ പ്രധാനമായും സംരക്ഷിക്കപ്പെടുന്നത് ഏത് ജീവിയെ ആണ്?

(A) വരയാട് (B) സിംഹം

(C) കടുവ (D) ആന

78. പഴം, പച്ചക്കറി എന്നിവ ശാസ്ത്രീയമായി കൃഷി ചെയ്യുന്ന രീതിയാണ് :

(A) ക്യൂണികൾച്ചർ (B) ഹോർട്ടികൾച്ചർ

(C) എപ്പികൾച്ചർ (D) പിസികൾച്ചർ

79. പവിത്ര, അന്നപൂർണ്ണ, ഹാസ്യ എന്നിവ മികച്ച വിളവ് നൽകുന്ന ഏത് വിത്തിനങ്ങൾ ആണ്?

(A) പയർ (B) വെണ്ട

(C) ഗോതമ്പ് (D) നെല്ല്

80. ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ വില പൊതുവിപണിയിൽ നിയന്ത്രിച്ച് നിർത്തി, പാവപ്പെട്ട രോഗികൾക്ക് വളരെ വിലകുറച്ച് മരുന്നുകൾ ലഭ്യമാക്കാനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ കീഴിൽ ആരംഭിച്ച സംവിധാനമാണ് :

(A) സ്വസ്ഥ്യം (B) പുനർജനി

(C) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി (D) കരുണാലയം

Visit KPSCHub.in
More QPs & Answer Keys

81. $(213)^8$ എന്ന സംഖ്യയുടെ ഒറ്റയുടെ സ്ഥാനത്തെ അക്കം ഏത്?

(A) 1 (B) 9
(C) 3 (D) 6

82. 24, 15, 36 എന്നീ സംഖ്യകൾ കൊണ്ട് ഹരിക്കാൻ കഴിയുന്ന ഏറ്റവും വലിയ നാലക്ക സംഖ്യ ഏത്?

(A) 9999 (B) 9970
(C) 9720 (D) 9990

83. 527.864 എന്ന ദശാംശസംഖ്യയിൽ എത്ര $\frac{1}{100}$ കൾ ഉണ്ട്?

(A) 5 (B) 8
(C) 4 (D) 6

84. $7\frac{1}{2}$ ന്റെ $5\frac{1}{4}$ മടങ്ങ് എത്ര?

(A) 38.75 (B) 36.375
(C) 39.375 (D) 40

85. $36 \times 24 = 864$ ആയാൽ $0.036 \times 2.4 =$

(A) 0.864 (B) 0.0864
(C) 8.64 (D) 86.4

86. 75 ന്റെ 20% ഉം 180 ന്റെ 45% ഉം തമ്മിൽ കൂട്ടിയാൽ കിട്ടുന്ന തുക എന്ത്?

(A) 100 (B) 96
(C) 86 (D) 106

87. 30,000 രൂപയ്ക്ക് 15% നിരക്കിൽ $2\frac{1}{2}$ വർഷത്തെ സാധാരണപലിശ എത്ര?

(A) 11,250 (B) 12,250
(C) 12,000 (D) 11,500

88. $\sqrt{0.0676} = 0.26$ ആയാൽ 0.026^2 എത്ര?

(A) 0.0676 (B) 676
(C) 0.00676 (D) 0.000676

89. 72 km/hr = ———— m/s.

(A) 36 (B) 24
(C) 20 (D) 25

90. ഒരു ബാഗ് 480 രൂപയ്ക്ക് വിറ്റപ്പോൾ 120 രൂപ നഷ്ടം വന്നു എങ്കിൽ നഷ്ടശതമാനം എത്ര?

(A) 10% (B) 30%
(C) 20% (D) 15%

Visit KPSCHub.in
More QPs & Answer Keys

91. $\frac{1}{3}$ നും $\frac{1}{2}$ നും ഇടയിലുള്ള ഒരു ഭിന്നസംഖ്യ താഴെ തന്നിരിക്കുന്നവയിൽ ഏതാണ്?

(A) $\frac{12}{15}$ (B) $\frac{2}{3}$

(C) $\frac{5}{6}$ (D) $\frac{5}{12}$

92. 0, 2, 8, 14, ——, 34.

(A) 18 (B) 20

(C) 24 (D) 28

93. ELFA, GLHA, ILJA, ————, MLNA.

(A) OLPA (B) KLMA

(C) LLMA (D) KLLA

94. 1985 ഡിസംബർ 25 ബുധനാഴ്ച ആയാൽ 1988 ജനുവരി 2 ഏത് ദിവസമായിരിക്കും?

(A) വെള്ളി (B) ഞായർ

(C) ശനി (D) തിങ്കൾ

95. ഇന്ത്യ : രൂപ : : ജപ്പാൻ : ——

(A) യെൻ (B) ദിനാർ

(C) യൂറോ (D) ഡോളർ

96. കൂട്ടത്തിൽ പെടാത്തത് ഏത്?

(A) 1 (B) 36

(C) 125 (D) 512

97. രാമുവിന് ക്ലാസ്സിൽ 14-ാം റാങ്ക് ഉണ്ട്. ക്ലാസ്സിൽ 45 കുട്ടികൾ ഉണ്ട്. എങ്കിൽ അവസാനത്ത് നിന്നും നോക്കിയാൽ രാമുവിന്റെ റാങ്ക് എത്ര?

(A) 33 (B) 34

(C) 32 (D) 31

98. ആദ്യത്തെ 30 ഇരട്ടസംഖ്യകളുടെ ശരാശരി എത്ര?

(A) 16 (B) 15

(C) 18 (D) 20

99. 2 വർഷം മുമ്പ് അമ്മയ്ക്ക് മകന്റെ 4 മടങ്ങ് പ്രായം ഉണ്ട്. 2 വർഷം കഴിഞ്ഞാൽ അമ്മയ്ക്ക് മകന്റെ 3 മടങ്ങ് പ്രായം ആകും. എങ്കിൽ മകന്റെ ഇപ്പോഴത്തെ പ്രായം എന്ത്?

(A) 20 (B) 8

(C) 15 (D) 10

100. ഒരു കോഡ് ഭാഷയിൽ LOTUS എന്ന വാക്കിനെ 26437 എന്ന് എഴുതിയാൽ അതേ കോഡ് ഭാഷ ഉപയോഗിച്ച് TULSO എന്നത് എങ്ങനെ എഴുതാം?

(A) 78453 (B) 87435

(C) 43276 (D) 47853

———————

Visit KPSCHub.in
More QPs & Answer Keys

SPACE FOR ROUGH WORK

Visit KPSCHub.in
More QPs & Answer Keys

SPACE FOR ROUGH WORK

Visit KPSCHub.in
More QPs & Answer Keys